ഉത്തരം

(എ) 1. ഗവർണ്ണർ
2. മുഖ്യമന്ത്രി
3. സ്പീക്കർ
4. ഹൈക്കോടതി ചീഫ് ജസ്റ്റീസ്
5. മന്ത്രിമാർ
6. പ്രതിപക്ഷനേതാവ്
7. ഗവൺമെന്റ് ചീഫ്വിപ്പ്
8. ഡെപ്യൂട്ടി സ്പീക്കർ
9. ചീഫ് സെക്രട്ടറി, എന്നീ വിശിഷ്ട വ്യക്തികളുടെ ഔദ്യോഗിക വാഹനങ്ങൾക്കും അവരുടെ അകമ്പടി വാഹനങ്ങൾക്കും മുകളിൽ ചുവന്ന ലൈറ്റ് പ്രദർശിപ്പിക്കുവാൻ അനുവാദം നൽകിയിട്ടുണ്ട്. കൂടാതെ ഹൈക്കോടതി ജഡ്ജിമാരെക്കൂടി മുകളിൽ പറഞ്ഞിരിക്കുന്ന ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ സർക്കാർ തീരുമാനിക്കുകയും അതനുസരിച്ചുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) പ്രസ്തുത നോട്ടിഫിക്കേഷന് വിരുദ്ധമായി ചുവന്ന ലൈറ്റ് ഘടിപ്പിക്കുന്നത് ശിക്ഷാർഹമാണ്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

33 (33) ഹർത്താൽ ദിവസം നടത്തിയ ജാഥ

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹർത്താൽ ദിവസം ഇടതുമുന്നണി പ്രവർത്തകർ തിരുവനന്തപുരത്ത് പ്രകടനം നടത്തിയത് പോലീസിന്റെ ആജ്ഞ ലംഘിച്ചുകൊണ്ടായിരുന്നുവെന്ന് പോലീസ് ഡയറക്ടർ ജനറൽ ഹൈക്കോടതി മുമ്പാകെ ബോധിപ്പിച്ചിട്ടുണ്ടോ;

(ബി) തിരുവനന്തപുരം എം.ജി. റോഡിൽ പ്രകടനം നടത്തുന്നതിന് കോടതി നിയന്ത്രണം എന്തെങ്കിലും ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) കോടതി ഏർപ്പെടുത്തിയ നിയന്ത്രണം ലംഘിച്ചോ; നിയന്ത്രണം നിലവിലുള്ള സമയത്തോ ഹർത്താൽ ദിവസം എം.ജി. റോഡിൽ ഇടതുമുന്നണി പ്രവർത്തകർ ജാഥ നടത്തിയിരുന്നുവോ;

(ഇ) എങ്കിൽ കോടതി ഉത്തരവ് നടപ്പാക്കുന്ന കാര്യത്തിൽ ഗവൺമെന്റ് പരാജയപ്പെടാനുണ്ടായ സാഹചര്യം വിശദമാക്കുമോ?

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.
203/2010.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഭക്ഷ്യവസ്തുക്കളുടെയും പാചകവാതകത്തിന്റെയും വില കുത്തനെ വർദ്ധിപ്പിച്ച് ജനജീവിതം കൂടുതൽ ദുരിതപൂർണ്ണമാക്കാനുള്ള കേന്ദ്ര ഗവൺമെന്റ് തീരുമാനത്തിൽ പ്രതിക്ഷേധിച്ച് 9.2.99-ൽ ഇടതുമുന്നണി അനുഭാവികൾ നടത്തിയ ഹർത്താലിനോടനുബന്ധിച്ച് അന്നേദിവസം 11 മണിയോടുകൂടി ഇടതുമുന്നണിയുടെ പ്രാദേശിക നേതാക്കൾ രക്തസാക്ഷി മണ്ഡപത്തിൽനിന്നും മെയിൻ റോഡ് വഴി ജാഥ നടത്തുന്നതിന് സിറ്റി പോലീസ് കമ്മിഷണറിൽനിന്നും മുൻകൂട്ടി അനുവാദം വാങ്ങിയിട്ടില്ലാത്തതിനാൽ ഡ്യൂട്ടിയിലുണ്ടായ പോലീസ് ഉദ്യോഗസ്ഥർ ടി ജാഥ മുന്നോട്ട് നീങ്ങാൻ പാടില്ലാ എന്ന് നിർദ്ദേശിച്ചു. അത് പരിഗണിക്കാതെ ജാഥ മുന്നോട്ട് നയിക്കുകയും അക്കൗണ്ടന്റ് ജനറൽ ഓഫീസിന് മുൻവശംവച്ച് പിരിഞ്ഞുപോയിട്ടുള്ളതുമാണ്. ജാഥ വാഹന ഗതാഗതത്തിനോ, കാൽനടയാത്രക്കാർക്കോ യാതൊരു തടസ്സവും സൃഷ്ടിച്ചിട്ടില്ല. ഈ വിവരങ്ങളാണ് പോലീസ് ഡയറക്ടർ ജനറൽ ഹൈക്കോടതിയിൽ ബോധിപ്പിച്ചിട്ടുള്ളത്.

(ബി) ഉണ്ട്.

(സി) തിരുവനന്തപുരം പ്രിൻസിപ്പൽ മുനിസിഫ് കോടതിയുടെ ഒ.എസ്. നമ്പർ 1625/95 തീയതി 14.2.1995-ലെ ഉത്തരവ് പ്രകാരം എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 9.30 മുതൽ 11 വരെയും വൈകിട്ട് 4 മണി മുതൽ 6 വരെയും പാളയം എൽ.എം.എസ്. ചർച്ച് മുതൽ കിഴക്കേക്കോട്ടവരെയുള്ള മെയിൻ റോഡിൽ പ്രകടനം/ഘോഷയാത്ര എന്നിവ നടത്തുന്നത് നിരോധിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

34 (34) കോഴിക്കോട് ആഫ്റ്റർ കെയർഹോമിൽ പ്രവേശനം നിഷേധിച്ച സംഭവം

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ആഫ്റ്റർ കെയർഹോമിൽ മുംബൈയിൽനിന്നും പോലീസ് കൊണ്ടുവന്ന പെൺകുട്ടിയെ എയ്ഡ്സ് ബാധയുണ്ടെന്ന കാരണത്താൽ പ്രവേശിപ്പിക്കാതിരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഇത്തരം രോഗം ബാധിച്ച് എത്തുന്നവരെ സംരക്ഷിക്കുന്നതിന് സർക്കാർ എന്തെങ്കിലും സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മാല എന്നു വിളിക്കുന്ന പ്രിയശ്രീധരൻനായർ എന്ന പെൺകുട്ടിയെ മുംബൈയിൽനിന്നും പോലീസ് എസ്കോർട്ടോടുകൂടി 27-5-99-ന് കോഴിക്കോട് ജുവനൈൽ ഹോം സൂപ്രണ്ടിന്റെ മുമ്പാകെ ഹാജരാക്കി. കുട്ടിയെ രക്ഷിതാക്കൾക്ക് ഏൽപ്പിക്കുകയോ അല്ലാത്തപക്ഷം ഒബ്സർവേഷൻ

LIBRARY ARCHIVES Kerala Legislative Assembly